**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 448** **05-07-2024 - ൽ മറുപടിയ്ക്ക്**

**കർഷക വായ്പയ്ക്ക് മൊറട്ടോറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങളാൽ കൃഷി നാശം സംഭവിച്ച് കടുത്ത പ്രതിസന്ധി നേരിടുന്ന കർഷകരുടെ വായ്പകൾക്ക് മൊറട്ടോറിയം അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | കർഷകർക്ക് ബാങ്കുകളിൽ നിന്ന് ലഭ്യമായ കാർഷിക വായ്പകൾ തിരിച്ചടക്കുവാനുള്ള കാലാവധി ദീർഘിപ്പിക്കണമെന്നും വായ്പകൾക്ക് 1 വർഷത്തെ പലിശയിളവ് ഏർപ്പെടുത്തണമെന്നും ടി കർഷകരുടെ സിബിൽ സ്കോർ സംരക്ഷിച്ച് പുന:കൃഷിക്കാവശ്യമായ അധികവായ്പ അനുവദിക്കാൻ നടപടി സ്വീകരിക്കണമെന്നും സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയോടാവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കടബാധ്യത മൂലം കർഷക ആത്മഹത്യകൾ തുടർക്കഥയാകുന്ന സ്ഥിതിയുള്ളതായി പറയപ്പെട്ടുമ്പോഴും ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ; | (ബി) | സഹകരണ ബാങ്കുകൾ/സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്ന് വായ്പ എടുത്തതിനു ശേഷം വിവിധ കാരണങ്ങളാൽ തിരിച്ചടക്കാൻ സാധിക്കാത്ത കർഷകരെ സഹായിക്കുന്നതിനായി രൂപീകരിച്ച കർഷക കടാശ്വാസ കമ്മീഷൻ മുഖേന പരമാവധി 2 ലക്ഷം രൂപ വരെ കടാശ്വാസം അനുവദിക്കുന്നു. വയനാട് ജില്ലയിലെ കർഷകർ 31.08.2020 വരെയും മറ്റു ജില്ലകളിലെ കർഷകർ 31.03.2016 വരെയും എടുത്ത വായ്പകൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നുണ്ട്. കൂടാതെ കുടിശ്ശികക്കാരായ വായ്പകാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടു കൂടി സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ 'നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്റ്റംബർ 30 വരെയും, 2023 ഫെബ്രുവരി 01 മുതൽ 2023 ഏപ്രിൽ 30 വരെയും, 2023 നവംബർ 01 മുതൽ 2024 ജനുവരി 31 വരെയും, 2024 മാർച്ച് 01 മുതൽ 2024 മാർച്ച് 31 വരെയും ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.<br><br>കൂടാതെ കേരള ബാങ്കിനു 30.06.2024 വരെ കുടിശ്ശിക നിവാരണം- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനു അനുമതി നൽകിയിരുന്നു. വായ്പ കുടിശ്ശിക ഉള്ള കർഷകർ ഉൾപ്പെടെയുള്ളവർക്കു ഈ പദ്ധതി പ്രകാരം ഇളവുകളോടെ കുടിശ്ശിക അടച്ചു തീർക്കുന്നതിനുള്ള അവസരം പ്രയോജനപ്പെടുത്തുവാൻ കഴിയും.<br><br>വായ്പ കുടിശ്ശികയ്ക്ക് തവണകൾ അനുവദിക്കുന്നതും, സ്റ്റേ അനുവദിക്കുന്നതും, മൊറട്ടോറിയം പ്രഖ്യാപിക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി റവന്യൂ റിക്കവറി നിയമം ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ നിയമ സഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | അർഹരായ കർഷകരുടെ വായ്പ എഴുതിത്തള്ളുന്നത് അടക്കമുള്ള പരിഹാര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | സഹകരണ ബാങ്കുകൾ/സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്ന് വായ്പ എടുത്തതിനു ശേഷം വിവിധ കാരണങ്ങളാൽ തിരിച്ചടക്കാൻ സാധിക്കാത്ത കർഷകരെ സഹായിക്കുന്നതിനായി രൂപീകരിച്ച കർഷക കടാശ്വാസ കമ്മീഷൻ മുഖേന പരമാവധി 2 ലക്ഷം രൂപ വരെ കടാശ്വാസം അനുവദിക്കുന്നു. വയനാട് ജില്ലയിലെ കർഷകർ 31.08.2020 വരെയും മറ്റു ജില്ലകളിലെ കർഷകർ 31.03.2016 വരെയും എടുത്ത വായ്പകൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നുണ്ട്. കൂടാതെ കുടിശ്ശികക്കാരായ വായ്പകാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടു കൂടി സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ 'നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്റ്റംബർ 30 വരെയും, 2023 ഫെബ്രുവരി 01 മുതൽ 2023 ഏപ്രിൽ 30 വരെയും, 2023 നവംബർ 01 മുതൽ 2024 ജനുവരി 31 വരെയും, 2024 മാർച്ച് 01 മുതൽ 2024 മാർച്ച് 31 വരെയും ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.<br><br>കൂടാതെ കേരള ബാങ്കിനു 30.06.2024 വരെ കുടിശ്ശിക നിവാരണം- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനു അനുമതി നൽകിയിരുന്നു. വായ്പ കുടിശ്ശിക ഉള്ള കർഷകർ ഉൾപ്പെടെയുള്ളവർക്കു ഈ പദ്ധതി പ്രകാരം ഇളവുകളോടെ കുടിശ്ശിക അടച്ചു തീർക്കുന്നതിനുള്ള അവസരം പ്രയോജനപ്പെടുത്തുവാൻ കഴിയും.<br><br>വായ്പ കുടിശ്ശികയ്ക്ക് തവണകൾ അനുവദിക്കുന്നതും, സ്റ്റേ അനുവദിക്കുന്നതും, മൊറട്ടോറിയം പ്രഖ്യാപിക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി റവന്യൂ റിക്കവറി നിയമം ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ നിയമ സഭയിൽ |

| | | | |
|---|---|---|---|
| | | | അവതരിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ